ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**പ്രാദേശിക വാർത്തകൾ**

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:08.07.2025

1. പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീൽ പ്രസിഡൻറുമായി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. നാല് സുപ്രധാന ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും.
2. സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ കർശന ജാഗ്രത. ഇ-സഞ്ജീവനി ആപ്പിൽ നിപ പ്രത്യേക ഓ പി സേവനങ്ങൾ ലഭ്യമാക്കി.
3. പത്തനംതിട്ട ക്വാറി അപകടത്തിൽപ്പെട്ട കുടുങ്ങിക്കിടക്കുന്ന ഇതര സംസ്ഥാന തൊഴിലാളിക്കായുളള രക്ഷാ ദൗത്യം താത്കാലികമായി നിർത്തി.
4. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ നാല് മാസം കൊണ്ട് സംസ്ഥാനത്ത് നാല്പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് മന്ത്രി പി രാജീവ്.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

*******************************

RNU TVPM

## പ്രധാനമന്ത്രി - ബ്രിക്സ്

പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീൽ പ്രസിഡൻറുമായി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. രണ്ട് ദിവസത്തെ ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം ബ്രസീൽ തലസ്ഥാനമായ

ബ്രസീലിയയിലെത്തിയ പ്രധാനമന്ത്രിയ്ക്ക് ഊഷ്മളമായ സ്വീകരണമാണ് നല്കിയത്. സന്ദർശന വേളയിൽ, പുനരുപയോഗ ഊർജം , കൃഷി , ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ , രഹസ്യവിവര കൈമാറ്റം, എന്നീ ധാരണാപത്രങ്ങളിൽ ഇന്ത്യയും ബ്രസീലും ഒപ്പുവയ്ക്കുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസിഡർ അറിയിച്ചു. വിദേശ പര്യടനത്തിൻറെ അവസാനപാദത്തിൽ പ്രധാനമന്ത്രി നാളെ നമീബിയയിലേക്ക് തിരിക്കും.

********************************

## നിപ- പ്രതിരോധ പ്രവർത്തനം

സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. സമ്പർക്ക പട്ടികയിൽ 461 പേരാണുള്ളതെന്ന് മന്ത്രി വീണ ജോർജ് അറിയിച്ചു. പാലക്കാട് ജില്ലയിൽ നിലവിൽ ഒരാൾ മാത്രമാണ് നിപ സ്ഥിരീകരിച്ച് ചികിത്സയിൽ ഉള്ളത്. മലപ്പുറത്ത് സമ്പർക്ക പട്ടികയിലുള്ള 48 പേരുടെ സാമ്പിൾ പരിശോധിച്ചതിൽ 46 ഉം നെഗറ്റീവാണെന്ന് മന്ത്രി പറഞ്ഞു. അതേസമയം, നിപ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ വവ്വാലുകൾ ഉള്ള പ്രദേശങ്ങൾ സന്ദർശിച്ചു അവയിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി നാഷണൽ വയറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തെത്തും.

RNU TVPM

********************************

## നിപ- ഇ-സഞ്ജീവനി

നിപ പ്രത്യേക ഓ പി സേവനങ്ങൾ ഇ-സഞ്ജീവനി ആപ്പിൽ ലഭ്യമാക്കി. രാവിലെ 8 മുതൽ രാത്രി 8 മണിവരെ യാണ് സേവനം. ഇ-സഞ്ജീവനി വഴി ഡോക്ടറുടെ സേവനം ലഭിമാക്കി ആശുപത്രി സന്ദർശനം പരമാവധി ഒഴിവാക്കുകയാണ് ലക്ഷ്യം.

********************************

## ക്വാറി - രക്ഷാ ദൗത്യം.. (ഇൻട്രോ)

പത്തനംതിട്ട കോന്നി പയ്യനാമൺ ചെങ്കളത്ത് ക്വാറിയിൽ ജോലിക്കിടെ പാറയിടിഞ്ഞ് വീണ് കുടുങ്ങിക്കിടക്കുന്ന ബീഹാർ സ്വദേശി അജയ് റായിക്കായുള്ള രക്ഷാ ദൗത്യം താത്കാലികമായി നിർത്തി. അപകടകരമായ രീതിയിൽ പാറ ഇളകി വീഴുന്നതും കൂടുതൽ സജ്ജീകരണങ്ങൾ ആവശ്യമായയുള്ളതുമാണ് രക്ഷാ പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കാൻ കാരണമായത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ...**

**(വോയ്സ്)**

RNU TVPM

********************************

## സ്വകാര്യ ബസ് പണിമുടക്ക്

സംസ്ഥാന വ്യാപകമായി സ്വകാര്യ ബസ് ഉടമകൾ ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് തുടരുന്നു. സമരം ജനജീവിതത്തെ സാരമായി ബാധിച്ചു. പണിമുടക്ക് കണക്കിലെടുത്ത് KSRTC കൂടുതൽ സർവീസ് നടത്തുന്നുണ്ട്.

********************************

## ദേശീയ പണിമുടക്ക് INTRO

കേന്ദ്ര സർക്കാറിൻറെ തൊഴിൽ നയങ്ങൾക്കെതിരെ പ്രതിപക്ഷ ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത 24 മണിക്കൂർ ദേശീയ പണിമുടക്ക് ഇന്ന് അർദ്ധ രാത്രി ആരംഭിക്കും. നാളെ അർധരാത്രി വരെയാണ് പണിമുടക്ക്. പണിമുടക്ക് രാഷ്ട്രീയ പ്രേരിതമെന്ന്

കേന്ദ്ര ഭരണപക്ഷ യൂണിയനുകൾ ആരോപിച്ചു. അതേസമയം, നാളത്തെ പണിമുടക്കിൽ പങ്കെടുക്കാൻ കെ.എസ്.ആർ.ടി.സി ജീവനക്കാർ ഇതുവരെ നോട്ടീസ് നല്കിയില്ലെന്ന് ഗതാഗതമന്ത്രി കെ ബി ഗണേഷ് കുമാർ മാധ്യമങ്ങളോട് പറഞ്ഞു. കെ.എസ്.ആർ.ടി സർവ്വീസ് നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

*******************************

## പി രാജീവ്

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ നാല് മാസം കൊണ്ട് സംസ്ഥാനത്ത് 40,439 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് മന്ത്രി പി രാജീവ്. നിക്ഷേപ താൽപര്യം പ്രകടിപ്പിച്ച 20 ശതമാനത്തിലധികം കമ്പനികളും കേരളത്തിൽ നിക്ഷേപം തുടങ്ങിയതായും ഇതുവഴി 31,429 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടാവുകയെന്നും അദ്ദേഹം പറഞ്ഞു. ഈ മുന്നേറ്റം തുടരുന്നതിനായുള്ള എല്ലാ പരിശ്രമവും സർക്കാരിൻ്റെ ഭാഗത്തുനിന്നുണ്ടാകുമെന്നും മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

*******************************

## സപ്ലൈകോ വ്യാജ-നിയമനവാർത്ത

സപ്ലൈകോയിൽ വിവിധ തസ്തികകളിൽ ജീവനക്കാരെ നേരിട്ട് നിയമിക്കുന്നതായി പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് സപ്ലൈകോ ജനറൽ മാനേജർ അറിയിച്ചു. സപ്ലൈകോയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി മുഖേനയാണ്. താത്കാലിക നിയമനങ്ങൾ നടത്തുന്നതിന് മുഖ്യധാരാ പത്രങ്ങളിലും സപ്ലൈകോയുടെ ഔദ്യോഗിക

വെബ്സൈറ്റിലും അറിയിപ്പ് പ്രസിദ്ധീകരിക്കാറുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

*******************************

## എസ്.എഫ്.ഐ

ഗവർണർക്കെതിരെ പ്രതിഷേധം ശക്തമാക്കി എസ്.എഫ്.ഐ. കണ്ണൂർ , കാലിക്കറ്റ് സർവ്വകലാശാലകളിലേയ്ക്ക് എസ്.എഫ്.ഐ മാർച്ച് നടത്തി. മാർച്ചുകൾ പോലീസ് തടഞ്ഞത് സംഘർഷത്തിന് ഇടയാക്കി.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

(ബ്രേക്ക്)

RNU TVPM

*******************************

## മന്ത്രി ശിവൻകുട്ടി

മാറിയ പാഠപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ നാളെ മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം തുടങ്ങുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കുട്ടികൾക്ക് അധിക പിന്തുണ എന്ന തരത്തിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്.

*******************************

## ജലോത്സവം.. ഇൻട്രോ

പ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവം നാളെ. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വിഗ്രഹ പ്രതിഷ്ഠയുടെ സ്മരണാർത്ഥമാണ് മേള നടത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ .**

**(വോയ്സ്)**

*********************************

## മലബാർ റിവർ ഫെസ്റ്റിവൽ (ഇൻട്രോ)

അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് മത്സരങ്ങൾക്ക് വേദിയാകുന്ന മലബാർ റിവർ ഫെസ്റ്റിവലിന് മുന്നോടിയായുള്ള മത്സരങ്ങൾക്ക് തുടക്കമായി . സംഥാന വിനോദ സഞ്ചാര വകുപ്പിൻറെ ആഭിമുഖ്യത്തിൽ 24 മുതൽ 27 വരെയാണ് റിവർ ഫെസ്റ്റ് നടത്തുന്നത് .

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നാസിർ ബാബു ..........**

**(വോയ്സ്)**

*********************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈമാസം 11 വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യത ഉള്ളതിനാൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദേശം പുറപ്പെടുവിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരത്തെ തീരപ്രദേശങ്ങളിൽ ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

## പെരുമൺ തീവണ്ടി ദുരന്തം

ഇന്ന് പെരുമൺ തീവണ്ടി ദുരന്തത്തിൻ്റെ 37-ാം വാർഷികം. 1988 ജൂലൈ എട്ടിന് ഉച്ചയ്ക്കായിരുന്നു രാജ്യത്തെ നടുക്കിയ ദുരന്തം. ഐലൻഡ് എക്സ്പ്രസ് ബോഗികൾ അഷ്ടമുടിക്കായലിലേക്ക് പതിച്ചുണ്ടായ അപകടത്തിൽ 105 പേർ മരിക്കുകയും ഇരുന്നൂറോളംപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

RNU TVPM

## കബറടക്കം

പൌരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേമിൻറെ കബറടക്കം മറ്റന്നാൾ ഉച്ചയ്ക്ക് തൃശൂർ മാർത്ത മറിയം വലിയ പള്ളിയങ്കണത്തിലെ കുരുവിളയച്ചൻ പള്ളിയിൽ നടത്തും. ഇന്നും നാളെയും വലിയ പള്ളിയിൽ ഭൗതിക ദേഹത്തിൻറെ പൊതുദർശനം ഉണ്ടാകും.

## ഹജ്ജ്

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജിന് യാത്രയായ ഹാജിമാരുടെ അവസാനസംഘം ഇന്ന് മടങ്ങിയെത്തും. ഒരു സംഘം പുലർച്ചെ 4.55ന് തിരിച്ചെത്തി.

കൊച്ചിൻ എംബാർക്കേഷനിലെ അവസാന വിമാനം വ്യാഴാഴ്ചയും കണ്ണൂരിലേത് വെള്ളിയാഴ്ചയുമാണ്. അടുത്ത വർഷത്തെ ഹജ്ജിന് ഓൺലൈൻ വഴി അപേക്ഷാ സമർപ്പണം ഉടനെ ആരംഭിക്കുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു.

********************************

## പാർലമെന്റ്

പാർലമെന്റിന്റെ വർഷകാല സമ്മേളനം ജൂലൈ 21 മുതൽ ഓഗസ്റ്റ് 12 വരെ നടക്കും. പഹൽഗാം ഭീകരാക്രമണത്തെയും തുടർന്നുണ്ടായ ഓപ്പറേഷൻ സിന്ദൂറിനേയും കുറിച്ച് അടിയന്തര ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ട് ജൂൺ 3 ന് പതിനാറ് പ്രതിപക്ഷ പാർട്ടികൾ സംയുക്തമായി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്ത് നൽകിയിരുന്നു. എല്ലാ പ്രസക്ത വിഷയങ്ങളും ഈ സമ്മേളനത്തിൽ തന്നെ പരിഹരിക്കാമെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്.

RNU TVPM

********************************

## പാസ്പോർട്ട്

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസ് മൊബൈൽ പാസ്പോർട്ട് സേവാ വാനുകൾ വിന്യസിക്കുന്നു. ജൂലൈ 10 ന് തിരുവനന്തപുരം കളക്ടറേറ്റ് പരിസരത്ത് ജില്ലാ കളക്ടർ അനുകുമാരിയും റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയും ചേർന്ന് സേവാ വാനിൻ്റെ ഉദ്ഘാടനം നിർവ്വഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്ക് സേവനം ലഭ്യമാകും.

******************************************************************

********************************